
നിലാവ്
little KITEs
ഗവ.സർവ്വജന വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ
സുൽത്താൻ ബത്തേരി

# മികവിന്റെ പാതയിൽ മുന്നോട്ട്........








# സന്ദേശം

സുൽത്താൻ ബത്തേരി സർവ്വജന വൊക്കേഷണൽ ഹയർ സെക്കണ്ടറിസ്കൂളിലെ 'ലിറ്റിൽ കൈറ്റ്' വിഭാഗത്തിലെ വിദ്യാർത്ഥികൾഒരുഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നവിവരം അറിഞ്ഞതിൽ വളരെയധികംസന്തോഷം. ഐ.ടി.സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സ്കൂളിലെ എല്ലാവിധ പ്രവർത്തനങ്ങളിലും പങ്കെടുക്കുകയും ഈ പ്രവർത്തനങ്ങൾ ഡോക്യുമെൻേറഷൻ നടത്തുകയും ചെയ്യുന്ന എല്ലാ അംഗങ്ങളെയും ആദ്യമായി അനുമോദിക്കട്ടെ. കൂടാതെ നിങ്ങൾ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്ന 'ഡിജിറ്റൽ മാഗസിൻ ' എന്ന പുതിയ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.സ്കൂളിൻെറ നന്മയ്ക്കും വിദ്യാർഥികളുടെ പുരോഗതിക്കും ഉതകുന്ന ഈനവസംരംഭത്തിന് സർവ്വജനയിൽ നിന്ന് നാന്ദികുറിക്കട്ടെ.



സു.ബത്തേരി,
17-1-2019

കെ.കെ.മോഹനൻ
ഹെഡ്മാസ്റ്റർ

നവമാധ്യമങ്ങളുടെ വളർച്ചയിലൂടെ സമൂഹത്തിന് ദിശാബോധം നൽകുന്നതിനും ഗുണകരമായ മാറ്റങ്ങൾ വരുത്തി നാളെയുടെ  വാഗ്ദാനങ്ങളെ വാർത്തെടുക്കുന്ന സരസ്വതിക്ഷേത്രങ്ങളിൽകുട്ടികളുടെസർഗ്ഗശേഷികളുടെ അവതരണത്തിനായിആവിർഭവിച്ചിട്ടുള്ളതാണ് ലിറ്റിൽ കൈറ്റ്സ് പദ്ധതി.ഓരോവിദ്യാലയത്തിന്റേയും പുത്തൻ ചുവടുകളെ ജനസമക്ഷം കാണാനും കേൾക്കാനും വിലയിരുത്താനും ഇത് കാരണമാകുന്നു. 21-ാം നൂറ്റാണ്ടിന്റെ,പ്രതിഭകളുടെ പ്രതിഭാ വൈവിധ്യ സംയോജന സമവായ നൈപുണികളുടെ പ്രതിഫലനമായി മാറട്ടെ **നിലാവ്** എന്ന ഡിജിറ്റൽ മാഗസിൻ. പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി,കേരള വിദ്യാഭ്യാസ മേഖലയിൽ അടിമുടി പരിവർത്തനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഹൈടെക്ക്, ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസ രീതിയിലൂടെ ലോകോത്തരനിലവാരമുള്ള വിദ്യാഭ്യാസ പദ്ധതിയിൽ പങ്കാളികളായി,ഗവ.സർവ്വജന ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ അധ്യാപകരുടേയും, വിദ്യാർത്ഥികളുടേയും,രക്ഷിതാക്കളുടേയും കൂട്ടായ ഉദ്യമത്തിലേക്ക് ഞങ്ങൾ സമർപ്പിക്കുന്നു **'നിലാവ് '**....

എഡിറ്റർ

# താളുകളിലൂടെ


സർവജനയുടെ ചരിത്രം 6
കഥ-സങ്കടങ്ങളുടെ അവസാനം 13
കഥ-ദൈവത്തിന്റെ കൈകൾ 16
കവിത-അകറ്റൂ നിൻ ദുഷ്ടത.. 18
**സേവനത്തിന്റെ പാതയിൽ എൻ എസ് എസ്** 20
കവിത- *കിളി മകൾ* *20*
*കവിത-മലയിറങ്ങുമ്പോൾ.....* *22*
*മുത്തശ്ശിയുടെ വിളക്ക്* *26*
*എസ് പി സി* *28*
കേരളം മുങ്ങിയപ്പോൾ 30
*പാവം കുരങ്ങൻ* *30*
*കാൻഡീഡ്* *33*
*എ പി ജെ അബ്ദുൾകലാം* *35*
*ഭഗത് സിംഗ്* *36*
*ചുവരെഴുത്ത്* *37*
*എൻ സി സി* *42*
*അമ്മ* *44*
അഭിമാന നിമിഷങ്ങൾ 45
കുട്ടിപ്പട്ടത്തിലെ കൂട്ടുകാർ 46

# "സർവ്വജന" ചരിത്രത്തിന്റെ ചക്രച്ചാലുകൾ

പ്രകൃതി വിഭവങ്ങളെ കൊണ്ട് സംമ്പൂർണ്ണമെങ്കിലും യാത്രാസൗകര്യങ്ങളുടെ വിരളത കാരണം വിദ്യാഭ്യാസപരമായി അഭിവൃദ്ധിപ്പെടുവാൻ ഇന്നാട്ടിലെ ജനങ്ങൾക്ക് തീരെ സൗകര്യമില്ലാത്ത ഒരു സ്ഥിതിവൈപരീത്യം ഇവിടെ ഉണ്ടായിരുന്നു.കാലാവസ്ഥ പ്രതികൂലമായിബാധിക്കുകയുംചെയ്തിരുന്നു.തിരുവിതാംകൂറിൽ നിന്നും കുടിയേറ്റം തുടങ്ങിയതോടു കൂടി സ്ഥിതികൾക്ക് മാറ്റം വന്നു തുടങ്ങി.അതുവരേയും മലബാറിന്റെ ഇതരഭാഗങ്ങളിൽ നിന്നും മൈസൂരിൽ നിന്നും ജനങ്ങൾ അല്പാല്പമായി വന്നുകൊണ്ടിരുന്നെങ്കിലും സാരമായ മാറ്റം ഈ പ്രദേശത്തിനുണ്ടായില്ല.താലൂക്ക് ജില്ലാ ബോർഡുകളുടെ മേൽനോട്ടത്തിൽ നടത്തപ്പെട്ടിരുന്ന വളരെ കുറഞ്ഞ എണ്ണം വിദ്യാലയങ്ങൾ മാത്രമേ ബത്തേരിയിലെന്നല്ല വയനാട്ടിൽ പോലും ഉണ്ടായിരുന്നുള്ളൂ.അന്നത്തെ പ്രാഥമിക വിദ്യാഭ്യാസം അതായത് 5-ാം തരം പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് ഉയർന്നു പഠിക്കുവാൻ കോഴിക്കോട്,വടകര മുതലായ പട്ടണങ്ങളെ ആശ്രയിക്കേണ്ടി വന്നിരുന്നു.കുടിയേറ്റക്കാർക്ക് തങ്ങളുടെ കുട്ടികളെ പഠിപ്പിക്കുവാൻ ഒരു ഹൈസ്കൂൾ ഉണ്ടാക്കണമെന്ന് ആശയോടുകൂടി ശ്രീ.ഓലപ്പുരയ്ക്കൽ മാത്തുച്ചേട്ടൻ പലരേയും സമീപിച്ച് നിർബന്ധം

ചെലുത്തിയെങ്കിലും ശ്രമം വിഫലമാവുകയാണ് ചെയ്തത്.എന്നാൽ കുടിയേറ്റക്കാരുടെ കൂടെ മതപരമായ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി വന്ന റവ.ജേക്കബൈറ്റ് ഫാദർ ചെമ്മല കുര്യാക്കോസ് അക്കാര്യം കണക്കിലെടുത്ത്,ഇന്ന് സുൽത്താൻബത്തേരി സഹകരണബാങ്ക് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പള്ളിക്കുവേണ്ടി കെട്ടിയുണ്ടാക്കിയിരുന്ന പുൽപ്പുരയുടെ ഒരു ചരിവിൽ 32 കുട്ടികളോടു കൂടി ഒരു ക്ലാസ് ആരംഭിച്ചു നടത്തി. അതിൽ വയനാട്ടുകാരായ കുട്ടികൾ കേവലം ആറ് പേർ മാത്രമായിരുന്നു.ശ്രീ.എ.എം.രാമചന്ദ്രൻ മാസ്റ്റർ ആയിരുന്നു അദ്ധ്യപകൻ.സർക്കാർ അംഗീകാരം ഇല്ലെങ്കിലും കുട്ടികളെ പഠിപ്പിണമെന്ന ഉദ്ദേശ്യമാണ് ആദ്യം ഉണ്ടായിരുന്നത്.എങ്കിലും ഒരംഗീകൃത വിദ്യാലയമാക്കാൻ ജേക്കബൈറ്റ് ക്രിസ്ത്യൻ കമ്മറ്റി രൂപവൽക്കരിക്കയും സ്ഥാപനം സെൻ്റ്മേരീസ് മിഡിൽ സ്കൂളായി മാറ്റുകയും ചെയ്തു.ശ്രീ.ഒ.എം.മാത്തുവായിരുന്നു സമിതിയുടെ കാര്യദർശി.സ്ഥാനം: വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിൽ സുൽത്താൻ ബത്തേരി പട്ടണത്തോട് ചേർന്നാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. പ്രാചീന കാലത്ത് ഗണപതി വട്ടം എന്ന പേരിൽ അറിയപ്പെട്ടിരുന്ന സ്ഥലമാണ് ഇന്നത്തെ സുൽത്താൻ ബത്തേരി ആയത്. 1950 ജൂൺ 19- തീയ്യതിയാണ് സ്കൂൾ പ്രവർത്തനം തുടങ്ങിയത് .*ഫാ: ചെമ്മന കുരിയാക്കോസ് അവർകളാണ് സ്കൂളിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് * പിന്നീട് മിഡിൽ സ്കൂളായി ഉയർത്തി . എല്ലാവർക്കും സ്വീകാര്യമായ പേര് എന്ന

നിലയിൽ " സർവജന സെക്കണ്ടറി സ്കൂൾ" എന്ന പേര്
സ്വീകരിക്കുകയും ചെയ്തു .*1953 ജൂൺ മാസത്തിൽ നാലാം ഫോറം
തുടങ്ങിയതോടെ വയനാട്ടിലെ മൂന്നാമത്തെ ഹൈസ്കൂളായി തീർന്നു.
*1957-ൽ അധികാരത്തിൽ വന്ന കേരള സർക്കാര് ജില്ലാ ബോർഡുകൾ
ഏറ്റെടുത്തെതിനെ തുടര്ന്ന് ആ വര്ഷം ഡിസംബര് മാസത്തിൽ ഈ
വിദ്യാലയം സർക്കാര് വകയായി *1958-ല് ഇവിടെ നിന്നും
മുപ്പത്തിയൊന്പത് വിദ്യാര്ത്ഥികൾ S.S.L.C . പരീക്ഷയെഴുതുകയും
പതിനഞ്ച് പേര് വിജയിക്കുകയും ചെയ്തു. ഈ സ്കൂളിലെ ആദ്യകാല
അധ്യാപകൻ ശ്രീ.എ.എം. രാമചന്ദ്രൻ , ശ്രീ.ആർ.എൽ. കമ്മത്ത്
എന്നവരും ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ.കെ.കെ.കൃഷ്ണൻ കുട്ടി
മാസ്റ്ററുമായിരുന്നു.ശ്രീ.വള്ളിയിൽ . അബൂബക്കർ
ഹാജി,ശ്രീ.കെ.പി.ഐസക്,ശ്രീ.കെ.സി.മൂസ ഹാജി എന്നിവർ
സ്ഥാപക നേതാക്കളാണ്.ഇന്നും S.S.L.C.ക്ക് കണക്കിൽ ഉയർന്ന
മാർക്ക് വാങ്ങുന്നവർക്ക് ഐസക്ക് മാസ്റ്ററുടെ വക ക്യാഷ് അവാർഡ്
നല്കി വരുന്നു .1984-ൽ ഇവിടെ വി.എച്ച്.എസ്.സി. വിഭാഗവും ഇവിടെ
ആരംഭിച്ചു. കുപ്പാടി സ്കൂൾ സന്ദർശിച്ച ഡെപ്യൂട്ടി ഇൻസ്പെക്ടറായ ശ്രീ .
സി . രാമനെ [AEO] സമീപിച്ച് സ്കൂൾ അംഗീകാരത്തെ കുറിച്ച്
ചർച്ചനടത്തിയപ്പോൾ ഒരു ഹയർ എലിമെന്ററി സ്കൂൾ
നടത്തുവാനുപദേശിക്കുകയും ഹൈസ്കൂൾ നടത്തിപ്പിലെ വിഷമതകളെ
കുറിച്ച് പറയുകയും ചെയ്തു. വിദ്യാഭ്യാസചട്ടങ്ങളിലെ പരിചയകുറവുമൂലം
സെക്കന്ററി സ്കൂൾ തന്നെ നടത്താനാണ് തീരുമാനിച്ചത്. കറസ്പോണ്ടന്റ്

നിലാവ്

ശ്രീ .ഒ . എം . മാത്തുച്ചേട്ടനായിരുന്നു. അങ്ങനെ ഒന്നാം ഫാറം പള്ളിയിലും 11-ാം ഫാറം കറസ്പോണ്ടന്റിന്റെ കെട്ടിടത്തിലും [ഇന്നത്തെ വിജയകുമാർ ഹോട്ടൽ നടത്തപ്പെട്ടു . പക്ഷേ ഹെഡ്മാസ്റ്റർ B.A.L.T. ബിരുദം നേടാത്ത ആളായതിനാൽ ഒന്നാം വർഷം അംഗീകാരം കിട്ടിയില്ല. തത്പരിഹാരാർത്ഥം ശ്രീ. കെ. കെ. കൃഷ്ണൻ കുട്ടി ഹെഡ്മാസ്റ്ററായി നിയമിതനായി.അദ്ദേഹമാണ് ഈ വിദ്യാലയത്തിലെ ഒന്നാമത്തെ പ്രധാന അദ്ധ്യാപകൻ. വിദ്യാഭ്യാചട്ടത്തിലെ വ്യവസ്ഥ പൂർണ്ണമായതോടുകൂടി അന്നത്തെജില്ലാവിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീ. കുഞ്ചുകൈമളുടെ ശുപാർശയനുസരിച്ച് 1 ഉം 11 ഉം ഫാറങ്ങൾക്ക് സർക്കാർ അംഗീകാരം ലഭിച്ചു. കോളനിയിൽ നിന്ന് സ്കൂളിന് അഞ്ചേക്കർ സ്ഥലം അലോട്ട് ചെയ്തു. ഷെഡ് കെട്ടി ക്ലാസ്സുകൾ അവിടേയ്ക്കു മാറ്റി.ഫീസ് പിരിവിൽ നിന്നും അധ്യാപകരുടെ ശമ്പളം കൊടുക്കാൻ മതിയായ സംഖ്യ ലഭിക്കാത്തതിനാലും മറ്റും സാമ്പത്തിക കാര്യങ്ങളിൽ കമ്മറ്റി വളരെ വിഷമിച്ചു. പരിഹാരം കണ്ടെത്തുവാൻ ശ്രീ. കെ. പി.ഐസക്കും, ഒ. എം.മാത്തുച്ചേട്ടനും കൂടി മദിരാശിയിൽ പോയി. അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. സുബ്രഹ്മണ്യത്തെ ശ്രീ. കോഴിപ്പുറത്ത് മാധവമേനോന്റെ സഹായത്തോടുകൂടി കണ്ടെങ്കിലും നിരാശരായി തിരിച്ചു പോരേണ്ടിവന്നു. ആ സന്ദർഭത്തിൽ ഇവിടെ ഒരു ഹൈസ്കൂൾ തുടങ്ങി നടത്തുവാൻ ശ്രമം നടക്കുന്നുണ്ടായിരുന്നു. മലബാർ വിദ്യാഭ്യാസ സംഘടനയുടെ കാര്യദർശി ശ്രീ. ജി. സർവ്വോത്തമറാവു ക്ഷണിക്കപ്പെട്ടുകയും ബോഡ് മാപ്പിള എലിമെന്ററി സ്കൂളിൽ ഏതാനും

പ്രമുഖവ്യക്തികൾ ഹൈസ്കൂൾ തുടങ്ങുന്നതിനെ കുറിച്ച് ആലോചിക്കുവാൻ ഒരു യോഗം ശ്രീ. എം. കെ. ജിനചന്ദ്രന്റെ ആദ്ധ്യക്ഷതയിൽ ചേരുകയുംചെയ്തു. ആ യോഗത്തിൽ തെരഞ്ഞെടുപ്പ് പ്രചരണാർത്ഥം എത്തിച്ചേർന്ന ശ്രീമാൻമാർ എം.കെ.പത്മപ്രഭാഗൗഡർ,ധർമ്മ രാജയ്യർ മുതലായ വ്യക്തികളും പങ്കെടുക്കുകയും ഉണ്ടായി. സെന്റ്മേരീസ് മിഡിൽ സ്കൂൾ കറസ്പോണ്ടന്റും യോഗത്തിൽ സംബന്ധിച്ചിരുന്നു. ഹൈസ്കൂൾ കാര്യം ചർച്ചചെയ്ത സന്ദർഭത്തിൽ സെന്റ്മേരീസ് മിഡിൽസ്കൂൾ യോഗത്തിൽ വച്ച് നിരുപാധികം ഏൽപിച്ചു കൊടുക്കുവാൻ ശ്രീ. ഒ. എം. വാത്യു തയ്യാറായി എങ്കിലും ഒരു ക്രിസ്ത്യൻ നാമത്തിൽ ഏറ്റെടുക്കുവാൻ ജനങ്ങൾ തയ്യാറായില്ല.ദീർഘനേരത്തെ ചർച്ചക്കു ശേഷം സർവ്വജനസെക്കന്ററി സ്കൂൾ എന്ന പേര് നൽകാമെന്ന പേരിൽ വിദ്യാലയം ഏറ്റെടുക്കുവാൻ തീരുമാനിക്കപ്പെടുകയും ചെയ്തു. ശ്രീ . ജി. സർവ്വോത്തമറാവു കറസ്പോണ്ടന്റായി വിദ്യാലയനടത്തിപ്പിനായി ഒരു സമിതി നിയമിക്കപ്പെട്ടു. അദ്ധ്യക്ഷൻ ശ്രീ. വള്ളിയിൽ അബൂബക്കർ ഹാജിയും ഉപാദ്ധ്യക്ഷൻ ശ്രീ. വി. കുട്ടികൃഷ്ണൻ നായരും ഖജാൻജി ശ്രീ. കെ. സി. മൂസ്സാഹാജിയും ശ്രീ. കെ. പി. ഐസക്മാസ്റ്റർ കാര്യദർശിയും ആയിരുന്നു.സർവ്വശ്രീ ജോൺ സാമുവൽ, ഒ.എം. മാത്യു തുടങ്ങിയവർ കമ്മറ്റി അംഗങ്ങളും ഇവരെ കൂടാതെ അമ്പത്തി ഒന്ന് അംഗങ്ങളുള്ള ഒരു വിപുലമായ സമിതിയും സ്കൂൾ നടത്തിപ്പിന് ഉണ്ടായിരുന്നു.കമ്മറ്റിയിലെ അംഗങ്ങളായിരുന്ന അബൂബക്കർഹാജി, കുട്ടികൃഷ്ണൻനായർ,ഐസക് മാസ്റ്റർ എന്നിവരും പ്രത്യേകം സ്മരണ അർഹിക്കുന്നു. അവരുടെ

ഛായാപടങ്ങൾ സർക്കാരിന്റെ അനുമതിയോടു കൂടി ഹാളിൽ

അനാച്ഛാദനം ചെയ്യപ്പെട്ടിട്ടുണ്ട്.

മേൽപറഞ്ഞ സദസ്സിൽ വച്ച് ശ്രീ. എം.കെ. പത്മപ്രഭാഗൗഡർ, സെന്റ് മേരിയുടെ പേരിൽ സ്കൂളിന്ന് ഒരു ഹാൾ നിർമിക്കുവാൻ അയ്യായിരം രൂപ സംഭാവന നൽകി. പക്ഷേ ഹാളിന്നു ആ പേർ നൽകപ്പെട്ടു കാണുന്നില്ല. കൂടാതെ സർവ്വശ്രീ. എം. കെ. ജിനിചന്ദ്രൻ, വള്ളിയിൽ മമ്മുഹാജി എന്നിവർ രണ്ടായിരം രൂപ വീതവും സംഭാവന നൽകിയിട്ടുണ്ട്. ഇപ്പോഴുള്ള പ്രധാന കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചത് ഇന്നു സ്മരണയിൽ മാത്രമായി തീർന്ന ശ്രീ. പത്മപ്രഭാഗൗഡറാണ്. പൊതുജനങ്ങളിൽ നിന്ന് പിരിച്ചെടുത്ത് സംഖ്യകൂടി 26001 രൂപ ചെലവിൽ ഒരു കെട്ടിടം ശ്രീ. എം. സി. പോളിന്റെ മേൽനോട്ടത്തിൽ ഉയർത്തപ്പെട്ടു. ആ കെട്ടിടത്തിലാണ് 1952-ൽ സർവ്വജന സെക്കണ്ടറി സ്കൂളിലെ 111-ാം ഫോറം [7-ാം ക്ലാസ്സിനുതുല്യം] തുറക്കപ്പെട്ടത്.

1953- ൽ [ജൂൺ] 1V-ാം ഫോറം തുറക്കപ്പെട്ടതോടുകൂടി വയനാട്ടിലെ മൂന്നാമത്തെ ഹൈസ്കൂൾ ഉടലെടുത്തു. എങ്കിലും സർക്കാരിൽ കെട്ടിവയ്ക്കേണ്ട 15000 രൂപ കെട്ടിവയ്ക്കാൻ സാധിക്കാത്തതിനാൽ ക്ലാസ്സിന് അംഗീകാരം ലഭിച്ചില്ല. സാമ്പത്തികഭാരം കൊണ്ട് കമ്മറ്റി ഞെരുങ്ങി. വിദ്യാർത്ഥികൾ സ്കൂൾ കാര്യങ്ങൾ നേടിയെടുക്കുവാൻ സമരരംഗത്തുപ്രത്യക്ഷപ്പെട്ടു ആകെക്കൂടി അന്തരീക്ഷം കലുഷമായി. 111954-ൽ [ഫെബ്രുവരി] മദിരാശി ഗവർണർ മഹാമഹിമ ശ്രീ. ശ്രീപ്രകാശ് വയനാട് കോളനി സന്ദർശിക്കുവാൻ ക്ഷണിക്കപ്പെട്ടുകയും അദ്ദേഹത്തിന്റെ വിരുന്നിനു വൻതോതിലുള്ള സ്വീകാര്യം നല്കി വിദ്യാലയത്തിന്റെ ശോച്യാവസ്ഥയും ബത്തേരി കോളനിയിലുള്ള ഹൈസ്കൂളിന്റെ ആവശ്യകതയും ധരിപ്പിക്കപ്പെട്ടു. തത്ഫലമായി P.W.S.R ഫണ്ടിൽ നിന്നും വിദ്യാലയ നടത്തിപ്പിനുള്ള ചെലവുകൾ നിർവഹിക്കുവാൻ കോഴിക്കോട് കലക്ടർക്ക് അനുമതിനൽകി ഉത്തരവിട്ടു. അതോടു കൂടി 10-8-

## നിലാവ്

54-ൽ സ്കൂൾ റവന്യൂ വകുപ്പിൻ കീഴിലായി. 1957-ൽ കേരളഭരണം ഏറ്റെടുത്ത സർക്കാർ ജില്ലാബോർഡ് മുൻസിപ്പൽ സ്ഥാപനങ്ങൾ ഏറ്റെടുത്തതിനെ തുടർന്ന് 1957-ൽ ഡിസംബർ മാസത്തിൽ ഈ വിദ്യാലയവും ഏറ്റെടുത്തു. അതുവരേയും സ്കൂൾ ഭരണം റവന്യൂവകുപ്പിൽ നിക്ഷിപ്തമായിരുന്ന സ്കൂൾ നടത്തിപ്പിനാവശ്യമായ സ്ഥലസൗകര്യമില്ലാതെ വന്നപ്പോൾ ബത്തേരിയിലെ ഉല്പാദക ഉപഭോക്തൃസഹകരണ സംഘം വക കെട്ടിടവും ക്ലാസ്സ് നടത്താനുപയോഗിച്ചിട്ടുണ്ട്. മാത്രമല്ല സംഘത്തിന്റെ അറ്റാദായവും ഓഹരി ധനവും കെട്ടിടസ്ഥലവുമെല്ലാം പില്ക്കാലത്ത് സ്കൂളിന് സംഭാവനചെയ്യുകയാണുണ്ടായത്. ആ കെട്ടിടം ഇപ്പോഴും പുതിയകെട്ടിടങ്ങളുടെ ഇടയ്ക്ക് അന്നും ഇന്നുമുള്ള സ്ഥിതിഗതികളുടെ അന്തരം വീക്ഷിച്ചുകൊണ്ട് അംഗവൈകല്യം വന്നിട്ടുണ്ടെങ്കിലും, സ്ഥിതി ചെയ്യുന്നുണ്ട്. അപകടഭീതി നാൾക്കുനാൾ വളർത്തിക്കൊണ്ടിരിക്കുന്ന ആ കെട്ടിടം പൊളിച്ചു മാറ്റുവാനാവശ്യമായ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നുണ്ട്. പക്ഷേ പൊളിച്ചു മാറ്റുമ്പോൾ ആ സ്ഥാനത്ത് പുതിയ കെട്ടിടം പണിയുന്നത് സ്ഥലദൗർലഭ്യത്തിന് ഒരു പരിഹാരമാകുന്നതാണ്. സ്കൂൾ പ്രവേശന പട്ടികയിൽ 1950 ജൂൺ 19-തിയ്യതി 1-ഫോറം തുടങ്ങി കുട്ടികളെ ചേർത്തതായി റിക്കാർഡ് കൊണ്ട് കാണുന്നു. 52-53 അധ്യയനവർഷത്തിൽ 1V-ാം ഫാറം തുറന്നു പ്രവർത്തിച്ചെങ്കിലും സർക്കാരിന്റെ അംഗീകാരം ലഭിക്കാതിരുന്നതിനാൽ ആ കുട്ടികൾക്ക് 53-54 വർഷത്തിൽ കൂടി അതേ ക്ലാസ്സിൽ തന്നെ പഠിക്കേണ്ടി വന്നു. 1957-മാർച്ചിൽ ഒന്നാമതായി ഈ വിദ്യാലയത്തിൽ നിന്ന് വിദ്യാർത്ഥികൾ SSLC പരീക്ഷയ്ക്ക് ഹാജരായി 15 പേർ വിജയികളാകുകയും ചെയ്തു.

------------------------------------------------------------------------------------------------------------




–

# സങ്കടങ്ങളുടെ അവസാനം

ഒരു ഗ്രമത്തിൽ ഒരു കുടുംബം ഉണ്ടായിരുന്നു. ആ കുടുംബത്തിൽ ഒരു അച്ചൻ ഒരു അമ്മ രണ്ട് മക്കൾ . ആ കുടുംബം എന്നത് വളരെ സന്തോഷമായകുടുബമായിരുന്നു.അതിൽ ആദ്യത്തെ മകൻ ജനിച്ചപ്പോൾ  വളരെ അധികം ഭാഗ്യങ്ങൾ അവരുടെ കുടുബത്തിന്

ഉണ്ടായി.രണ്ടാമ-ത്തെതും ഒരു മകനായിരുന്നു പക്ഷെ ജനിച്ചപ്പോൾ ഭാഗ്യങ്ങൾ ഒന്നും ഉണ്ടായില്ല.എന്നുമാത്രമല്ല ഉള്ളതും കൂടി ഇല്ലാതായി.ഇളയവന്റെ പേര് രാജു വലിയവന്റ പേര് രാമു.

കുറച്ച് വർഷങ്ങൾക്ക് ശേഷം അമ്മയും മക്കളും കൂടി അവരുടെ അമ്മയുടെ വീട്ടിൽ പോയി.അവർ പോകുമ്പോൾ പത്ത് ദിവസം താമസിച്ചിട്ടെ വരാറുള്ളൂ.അങ്ങനെ മൂന്ന് ദിവസം കഴിഞ്ഞപ്പോൾ അവന്റെ അമ്മ പറഞ്ഞു ഇപ്പോ തിരിച്ചു പോകണ്ട രണ്ട് ദിവസം കഴിഞ്ഞു പോയാൽ മതി എന്ന് പറഞ്ഞു.എന്നാൽ ശരി എന്ന് പറഞ്ഞു അവവർ നിന്നു അടുത്ത ദിവസം ഒരു ഫോൺ കോൾ എടുത്തപ്പാൾ കേട്ടത് അവന്റെ അചഛൻ മരണപ്പെട്ടു എന്ന്. അവർ എല്ലാവരും കരഞ്ഞു. മരണത്തിന്റെ കാരണം ഹ്ദയാഘാതമായിരുന്നു.അവർ ആ ദിവസം പോയിരുന്നെങ്കിൽ ചിലപ്പോൾ രക്ഷിക്കാൻ കഴിയുമായിരുന്നു അത് അവരുടെ ജീവിതത്തിലെ ഏറ്റവും വലിയ നഷ്ട്ടമായിരുന്നു.അതിന് ശേഷം അമ്മ അവരെ വളർത്താൻ കുറെ കഷ്ട്പ്പെട്ടു പല പ്രതിസന്ധിഘ-ട്ടത്തിലും ആ അമ്മ തളരാതെ പിടിച്ചുനിന്നു.അതിന് ശേഷം രാമുവും രാജുവും വളർന്നു നല്ല ജോലി ലഭിച്ചു.രാമു പോലിസ് ആയി.രാജു കലക്ടറുമായി.അവർ ഇരുവരും അവരുടെ അമ്മയെ സന്തോഷമായി പരിപാലിച്ചു.ഈ കഥയിലൂടെ നൽകുന്ന പാഠം എന്നത് എത്ര കഷ്ട്ടങ്ങൾ തന്നാലും അതിനൊക്കെ അവസാനമായി സന്തോഷങ്ങൾ ലഭിക്കും.

അർഷാദ്
9C

# ദൈവത്തിൻെറ കൈകൾ

രചന: ആൽഫിൻ.ആർ


തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് എന്ന സ്ഥലത്താണ് ആംബുലൻസ്  ഡ്രൈവറായ ദിനേഷ് താമസിക്കുന്നത്. സാധാരണ കുടുംബമായിരുന്നു ദിനേഷിൻേറത്. ഭാര്യ,അമ്മ,അച്ഛൻ,പെങ്ങളും,ദിനേഷുമാണ് ഈ കുടുംബത്തിലെ അംഗങ്ങൾ.ദിനേഷാണ് ഈ കുടുംബത്തിൻെറ ഏക ആശ്രയം. ദിനേഷിൻെറ ജോലിയിൽ നിന്നുള്ള വരുമാനമാണ് ഈ കുടുംബത്തിൻെറ സമ്പാദ്യം.ഏത് ആപത്തിലും, ആംബുലൻസുമായി രക്ഷിക്കാൻ ദിനേഷ് ഓടിയെത്തും. ഈ മനസ്സുള്ളത് കൊണ്ട് തന്നെ ദിനേഷിന് അനേകംപേരെ ജീവിതത്തിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. പക്ഷേ, ദിനേഷ് ഒരു ദൈവവിശ്വാസിയല്ലായിരുന്നു.ഏത് സാഹചര്യത്തിലും അദ്ദേഹം പാഞ്ഞ് എത്തും,ജാതിയും,മതവും,ലിംഗഭേദവും നോക്കാതെ.ദിനേഷിൻെറ കല്ല്യാണം കഴിഞ്ഞിട്ട് ഒരു വർഷത്തോളമായി.ഭാര്യ ഗർഭിണിയാണ്.അങ്ങനെയിരിക്കെ ഒരു ദിവസം ഭാര്യയുടെ പ്രസവദിവസമടുത്തു.എന്നാൽ അന്നൊരു

ഹർത്താൽ ദിനമായിരുന്നു.ഭാര്യയുമായി ആശുപത്രിയിലേക്ക് പോകാൻ ഒരുങ്ങിയപ്പോൾ അദ്ദേഹത്തിന് ഒരു ഫോൺ കോൾ വന്നു.ഹർത്താൽ ദിനത്തിൻെറ പ്രതിഷേധത്തിൽ ആർക്കോ

പരിക്കേറ്റു. ഭാര്യയെ വീട്ടിൽ തന്നെ ഇരുത്തിയിട്ട് ആ മനുഷ്യജീവനുവേണ്ടി അദ്ദേഹം ആംബുലൻസുമായി പാഞ്ഞു. ഹർത്താലായിട്ട് പ്രതിഷേധക്കാർ റോഡ് തടയുവാൻ മരത്തിൻെറ തടികൾ വെച്ച് തടഞ്ഞിരുന്നു.ഇതുകാണാതെ ചീറിപ്പാഞ്ഞെത്തിയ ആംബുലൻസും ദിനേഷും ആ മരത്തടികളിൽ തട്ടി ആക്സിടൻറായി.തൻെറ ജീവനുവേണ്ടി അദ്ദേഹം പിടയുമ്പോൾതൻെറ ഫോണിലേക്ക് ഹർത്താലിൽ പരുക്കേറ്റ ആളുടെയും പ്രസവവേദനയുമായി പുളയുന്ന തൻെറ ഭാര്യയുടെയും ഫോൺ കോളുകൾ എത്തുകയാണ്. മരണത്തിൻെറ വാതിലിലേക്ക് കടക്കുമ്പോൾ ദിനേഷിൻെറ കണ്ണുകളിലെക്ക് ഒരു കൈ പ്രത്യക്ഷപ്പെട്ടുകയാണ്.മനുഷ്യൻെറയാണോ, അതോ...? ആ കൈകൾ അവനെ രക്ഷിച്ചു.അന്ന് മുതൽ ദൈവവിശ്വാസിയല്ലാത്ത അവൻ ദൈവത്തെ വിശ്വസിക്കാൻ ആരംഭിച്ചു.

"ആരുടേതെന്ന് അറിയാത്ത ആ കൈകൾ അവൻ ദൈവത്തിൻെറ കൈകൾ എന്ന് വിശ്വസിച്ചു.”

ദി ഹാൻറ് ഓഫ് ഗോഡ്



# അകറ്റൂ നിൻ ദുഷ്ടത..

പൊഴിയുന്ന ഇലകൾ നമ്മോടു ചൊല്ലുന്നു
ദുഷ്ടത ചെയ്യുന്നതെന്തിനു നാം?
അവ നമ്മേ അവരോടുപമിക്കുന്നു,
ഒരിക്കൽ നമ്മളും മരിക്കേണ്ടതല്ലയോ?
മരണ ഭയത്താൽ പിടയുന്ന കാലത്തു-
നാമനുഭവിക്കുന്നു,പണ്ടുകാലത്തു-
നാം ചെയ്ത ദുഷ്ടതകൾക്കുള്ള ഫലമെന്നപ്പോലെ!

ഓർക്കുക മർത്യാ മരണമെന്ന സത്യം
തിരിച്ചറിയുക യഥാർത്ഥ ജീവിതം.
കടന്നുപോം കാലങ്ങൾ  സന്തോഷപ്പൂർണ്ണമാക്കുക
തിന്മയെ അകറ്റി നന്മ ചെയ്തീടുക
തേടിവരും സുഖസന്തോഷം നിങ്ങളെ,
അപ്പോൾ നിങ്ങളിൽനിന്നകലും മരണഭയം!

പൊഴിഞ്ഞുപ്പോയി ഞങ്ങൾതൻ ജീവിതം,
മുറുകെ പിടിച്ചുകൊണ്ടാഹ്ലാദചിത്തമോടെ
ജീവിതക്ലേശങ്ങളാകുന്ന തിന്മയെ മറികടന്ന്
സഹായം ജീവിത ലക്ഷ്യമായി കരുതി
നല്ല മനസ്സോടെ ജീവിക്കു മർത്യാ.

അഗീന ബെന്നി
IX-C

# ജൈവ പച്ചക്കറി കൃഷി


ഗവ:സർവ്വജന ഹൈസ്കൂൾ
ബത്തേരി.വയനാട്
വിദ്യാലയ ജൈവ
പച്ചക്കറിത്തോട്ടം
ആരോഗ്യ പരിപാലനത്തിന്
വിഷരഹിത പച്ചക്കറി
കൃഷിഭവൻ. സുൽത്താൻ ബത്തേരി



# കിളി മകൾ


ള്ളമഞ്ഞ് പൊഴിയുന്ന നീലയാമത്തിൽ
ഒരു കിളി മകളായ് അവൾ വളർന്നു
അമ്മയോടൊത്തവൾ സ്നേഹാർദ്രയായ്
നീല നിലാവിൽ അവളലിഞ്ഞു
മിന്നാമിന്നിയോടൊത്തവൾ കിന്നാരം ചൊല്ലി
അവളാ താരയോടൊത്ത് ചിരിച്ചു
ഹൃദ്യമാം ബാല്യം കഴിഞ്ഞ് യുവത്വം
പുൽകിയവൾ
മിന്നാമിനുങ്ങില്ല താരയില്ല
ഭയത്തിൻ അന്ധകാരം മാത്രം
കഴുകന്റെ കൂവലായ് ഇരുട്ടിൻ
വിളിയായ് ഒടുവിലായ് യാമം
വന്നെടുത്തു
കഴുകർ പൊതിഞ്ഞു അവളെയാരാവിൽ
അവളുടെ ചിരിയെ  കവർന്നെടുത്തു
നിലാവു മങ്ങി വാനം കറുത്തു
ഭൂമി അന്ധകാരത്തിലലിഞ്ഞു
അഗ്നിക്കിരയാവും ഒരിക്കിലവരാ
പെണ്ണിനെ നോവിച്ചാൽപെണ്ണിൻ
ചിരിയെ കവർന്നെടുത്താൽ

SURYA GAYATHRI T.B VIIIC

# സേവനത്തിന്റെ പാതയിൽ എൻ എസ് എസ്.......................







വിജയത്തിലൂടെ കൈവരുന്നതല്ല
ശക്തി, നിങ്ങളുടെ പ്രശ്നങ്ങളാണ്
നിങ്ങളുടെ ശക്തിയെ രൂപീകരിക്കുന്നത്..
ജീവിതത്തിലെ ഏറ്റവും വിഷമകരമായ
ഘട്ടങ്ങളിൽ സ്വയം അടിയറവ് പറയില്ലെന്ന്
നിങ്ങൾ തീരുമാനിച്ചാൽ അതാണ് ശക്തി !
WHYKOL.COM


Nandhana
VIII : B

## മലയിറങ്ങുമ്പോൾ.....



സ്വപ്നങ്ങളുടെ മലയിറങ്ങിത്തുടങ്ങുമ്പോൾ,

ആദ്യത്തെ വളവിൽ നിലച്ച നിലവിളകളുടെ ക്ഷേത്രം

ബധിരകർണ്ണങ്ങൾ കവർന്ന പ്രാർത്ഥനകൾ

ബലിക്കല്ലിൽ രക്തം വാർന്നൊഴുകിയ ബാലിക

രണ്ടാമത്തെ വളവിൽ ബോംബുപൊട്ടുന്ന ഒരു നഗരം

പോരാളികളെല്ലാം സ്വർഗ്ഗരാജ്യം തേടുന്നവർ

രക്തമൊഴുകുന്ന തെരുവോരങ്ങൾ

മുഖമില്ലാത്ത സ്ത്രീകളുടെ നിസ്സഹായ നിലവിളികൾ

പിന്നെയും നടന്നപ്പോൾ മണൽ പറക്കുന്ന ഒരുപാത,

ഗതകാലങ്ങളിൽ

തീരംതൊട്ടൊഴുകിയപുഴയത്രെ,

മണൽ തുരന്ന് വിറങ്ങലിച്ച

സംസ്കാരങ്ങൾ,

ഗർത്തങ്ങളിൽ ജീർണ്ണതകുടിച്ച് വീർത്ത ജഡങ്ങൾ.

ഏതോചരിവുകളിലൊന്നിൽ ജലംവറ്റി

പുകഞ്ഞ് മരിച്ച തണൽ മരങ്ങൾ,

നഗര ബഹളങ്ങളിൽ കുടുക്കുട്ടിയ കിളികൾ,

കരിമൂടി വിളർച്ച ബാധിച്ച നറുതേൻ

# *മലരുകൾ*

*കാഴ്ചകളിൽ മരവിച്ച് യാത്രതുടരുമ്പോൾ,*

*ഒരു സമതലമാകെ പ്രളയം മൂടിയിരിക്കുന്നു*

*പതഞ്ഞ് പൊങ്ങി ഒഴുകുന്ന വ്യാമോഹങ്ങൾ*

*തകർന്നലിടണിഞ്ഞ മണിസൗധങ്ങൾ*

പാതിപിന്നിട്ട ഈ വഴിയിൽ നിന്നു ഞാൻ
പിൻകടക്കട്ടെ


പൊള്ളി വീർത്ത കാഴ്ചകളെന്നെ
കുത്തിനോവിക്കും

എങ്കിലും ഞാനെന്റെ സ്വപ്നങ്ങളിലേക്ക്
ചേക്കേറട്ടെ

ശാന്തിയുടെ തണലുകളെനി അവിടെ മാത്രമേ
ശേഷിക്കുന്നുള്ളൂ.

SHIMOD O.P

*H.S.A. English*


Name: Shehadhiya Shereef.


by
Nishil Rifan. K.
IX B

# മുത്തശ്ശിയുടെ വിളക്ക്

ഒരിടത്ത് ഒരു മുത്തശ്ശി ഉണ്ടായിരുന്നു.അവരുടെ വീട്ടിൽ വേറെ ആരും ഉണ്ടായിരുന്നില്ല.ഒരു ദിവസം മുത്തശ്ശി വീട് പൂട്ടി പച്ചക്കറി വാങ്ങാൻ പോയി.തിരിച്ചു വന്നപ്പോൾ വാതിൽ തുറന്ന് കിടക്കുന്നത് കണ്ടു മുത്തശ്ശിക്ക് സംശയമായി വീട്ടിൽ കള്ളന്മാരാരെങ്കിലും കടന്നുകാണുമെന്ന്.പെട്ടെന്ന് മുത്തശ്ശിക്കൊരു ബുദ്ധി തോന്നി.മുത്തശ്ശി വീട്ടിലിരിക്കുന്ന വിളക്കിനോട് ചോദിച്ചു: "വിളക്കേ,ഞാൻ വന്നിട്ടും നീ എന്താ ഒന്നും മിണ്ടാതിരിക്കുന്നത്.സാധാരണ ഞാൻ വന്നു കയറിയാൽ നീ എന്തെങ്കിലുമൊക്കെ പറയാറുള്ളതല്ലേ.....എന്തു പറ്റി? ഇവിടെ ആരെങ്കിലും കയറിയോ....?"മുത്തശ്ശി ഈ ചോദ്യങ്ങളെല്ലാം വിളക്കിനോട് ചോദിച്ചപ്പോൾ കള്ളന് പേടിയായി.അതൊരു മാന്ത്രിക വിളക്കാകുമെന്ന് കള്ളൻ കരുതി.എന്നാൽ അതൊരു മാന്ത്രിക വിളക്കായിരുന്നില്ല.കള്ളൻ വീട്ടിലുണ്ടോ എന്നറിയാൻ നടത്തിയ ഒരു പരീക്ഷണമായിരുന്നു.എന്നാൽ മണ്ടനായ കള്ളൻ അത് മാന്ത്രിക വിളക്കാണെന്ന് വിശ്വസിച്ചു.അവൻ മുത്തശ്ശിയോട് വിളക്ക് പറയുന്ന പോലെ പറഞ്ഞു:"ആ ഇന്ന് ഇവിടെ ഒരു കള്ളൻ കയറി."ഇത് കേട്ടപ്പോൾ തന്റെ വീട്ടിൽ കള്ളനുണ്ടെന്ന്

മുത്തശ്ശിക്ക് ഉറപ്പായി.അപ്പോൾ മുത്തശ്ശി പറഞ്ഞു:"കള്ളൻ കയറിയപ്പോൾ നിനക്ക് ഓടിച്ച് വിടാമായിരുന്നില്ലേ...."। കള്ളൻ ഒന്നും മിണ്ടാതെ മുറിയിൽ പമ്മി ഇരുന്നു.അപ്പോൾ മുത്തശ്ശി വിളക്കിനോടെന്ന പോലെ കള്ളനോട് പറഞ്ഞു:"ഒരിക്കൽ ഒരിടത്ത് ഒരു പെൺകുട്ടി ഉണ്ടായിരുന്നു.അവളുടെ വീട്ടിൽ ഒരിക്കൽ കള്ളൻ കയറി.ആ പെൺക്കുട്ടി ഉറക്കെ നിലവിളിക്കാൻ തുടങ്ങി.അയ്യോ....രക്ഷിക്കണേ.....!ആ പെൺക്കുട്ടിയുടെ നിലവിളി കേട്ട് ആളുകൾ ഓടിക്കൂടി അവർ കള്ളനെ പിടിച്ച് പോലീസിൽ ഏൽപ്പിച്ചു കൊടുത്തു.ആ പെൺക്കുട്ടിയോട് ഒരാൾ ചോദിച്ചു.നിനക്ക് ഈ വീട്ടിൽ ഒറ്റയ്ക്ക് താമസിക്കാൻ പേടിയില്ലേ...അപ്പോൾ ആ പെൺക്കുട്ടി അയാളോട് പറഞ്ഞു:ഇല്ല.കാരണം എനിക്ക് കൂട്ടിന് ഈ വിളക്ക് മതി.അത് എനിക്ക്എന്റെ അച്ഛൻ വളരേ സന്തോഷത്തോടെയും സ്നേഹത്തോടെയും തന്നതാണ്.ഈ വിളക്കിലാണ് അവരുടെ ആതാമാവ്ഉള്ളത്."മുത്തശ്ശി പറഞ്ഞത്   തന്റെ സ്വന്തം കഥയാണെന്ന്

കള്ളന് മനസ്സിലായി.കള്ളൻ മുറിയിൽ നിന്ന് ഇറങ്ങി വന്ന്പറഞ്ഞു:"എന്നോട് ക്ഷമിക്കണം ഞാൻ ഈ വിളക്ക് കട്ടെടുക്കാൻ വന്നതാണ്.നിങ്ങളുടെ കഥ കേട്ടപ്പോൾ അതെടുക്കാൻ മനസ്സ് വരുന്നില്ല.എന്നോട് ക്ഷമിക്കണം."

**FAHEEMA**

# നിലാവ്





# കേരളം മുങ്ങിയപ്പോൾ

മഴയെന്ന് കേട്ടോരു നാളിൽ അന്ന്
ഉത്സാഹമോടെ കേരളം
പൊട്ടിച്ചിരിച്ച നാള് പണ്ട്

കാലനായി വന്ന മഴ വിഴുങ്ങിയതോ
കൂടെപ്പിറപ്പായ കേരളത്തെ......
കലിതുള്ളി ഈ വർഷകാലമെങ്ങോ....
മാറ്റി മറിച്ചത് പല ജീവനെ.......
നന്മയും പ്രണയസ്വപ്നങ്ങൾക്കും
വസന്തമായ കൂട്ടുക്കാരി.......
എന്തിനീ ക്രൂരത എന്നോട് നീ
ആയിരം ജന്മ വേദനകൾ
പൊട്ടിക്കരയാൻ
കേരളമിന്ന് ബാക്കി നിൽപ്പൂ...

ആൽഫിൻ .ആർ
IX-C


# പാവം കുരങ്ങൻ

പണ്ട് പണ്ട് ഒരു കാട്ടിൽ ഒരു കുരങ്ങൻ ജീവിച്ചിരുന്നു.അവന്റെ താമസം കാട്ടിലുണ്ടായിരുന്ന ഒരു പുഴയുടെ അരികിൽ ഉള്ള ആപ്പിൾ മരത്തിലായിരുന്നു.ഒരു ദിവസം പുഴയിലൂടെ വന്ന ഒരു മുതല ആ ആപ്പിൾ മരത്തെ കണ്ടു.ഒരു ആപ്പിൾ കരയിൽ വീണു കിടക്കുന്നുണ്ടാ-
യിരുന്നു വേഗം ആ മുതല ആ ആപ്പിളിനെ എടുത്തു.പെട്ടെന്ന് കുരങ്ങൻ അത് കണ്ടു കുരങ്ങൻ പറഞ്ഞു;ഇത് എന്റെ ആപ്പിളാണ്.
ഇത് വേണമെങ്കിൽ എന്നോട് അനുവാദം ചോദിക്കണം.മുതല പറഞ്ഞു;എനിക്ക് അറിയില്ലായിരുന്നു ഇത് നിങ്ങളുടെ ആപ്പിളാണെന്ന്.കുരങ്ങൻ പറഞ്ഞു;ഇത് നീ എടുത്തോ.മുതലയ്ക്ക് സന്തോഷമായി.കുരങ്ങൻ പറഞ്ഞു;ഇനി മുതൽ നമ്മൾ ചങ്ങാതികളാണ്.മുതല പറഞ്ഞു,ശരി ഞാൻ പോകട്ടെ.കുരങ്ങൻ പറഞ്ഞു,നാളെയും വരണേ.അങ്ങനെ അവർ പിന്നെയും പിന്നെയും കണ്ടു മുട്ടി.ഒരു ദിവസം മുതല കുരങ്ങന്റെ അനുവാദത്തോടെ ധാരാളം ആപ്പിളുകൾ

പറിച്ചു.കുരങ്ങൻ ചോദിച്ചു,എന്തിനാണ് ഇത്രയധികം
ആപ്പിളുകൾ.മുതല പറഞ്ഞു,എനിക്കൊരു
ഭാര്യയുണ്ട്
അവൾക്ക് ഈ ആപ്പിളുകൾ വളരെ അധികം
ഇഷ്ടമാണ്.നീ ഒരു ദിവസം എന്റെ വീട്ടിലേക്ക്
വിരുന്നു കാരനായി വരണം.കുരങ്ങൻ
പറഞ്ഞു,ശരി ഞാൻ വരാം.ഒരു ദിവസം നീയും നിന്റെ
ഭാര്യയും
എന്റെ വിരുന്നുകാരായി വരണം.ഇപ്പോൾ നീ
പൊയ്ക്കോ നിന്റെ ഭാര്യകാത്തിരിക്കുന്നുണ്ടാവും.മുതല
വീട്ടിലേക്ക് പോയി.ഭാര്യയുടെ
കയ്യിൽ ആപ്പിൾ കൊടുത്തു.ഭാര്യ പറഞ്ഞു,ഹായ്
എന്താ രസം.മുതല പറഞ്ഞു.എന്റെ സുഹൃത്ത്
കുരങ്ങച്ചൻ തന്നതാണ്.അവനെ ഞാൻ വീട്ടിലേക്ക്
വിരുന്നിന് ക്ഷണിച്ചിട്ടുണ്ട്. ഭാര്യ പറഞ്ഞു വേഗം
അവനെ
കൂട്ടീട്ട് വാ അവനെ ഞാൻ കൊന്നു തിന്നും.മുതല
പറഞ്ഞു,ഇല്ല ഞാൻ സമ്മധിക്കില്ല.നിങ്ങൾ അവനെ
കൂട്ടി വന്നിട്ടില്ലെങ്കിൽ നിങ്ങളെ
ഞാൻ തിന്നും.മുതല പറഞ്ഞു,ശരി ഞാൻ കൂട്ടിയിട്ട്
വരാം.അങ്ങനെ മുതല കുരങ്ങനെ കൂട്ടിയിട്ട്
വന്നു.ഭാര്യ കുരങ്ങച്ചനെ സ്വീകരിച്ചു.
കുരങ്ങൻ പോവാൻ നേരത്ത് മുതലയുടെ ഭാര്യ

കുരങ്ങച്ചനെ പിടിച്ച്
കൊന്ന് തിന്നു.ഇതിന്റെ ഗുണപാഠം;"നാം ആരെയും
കണ്ണടച്ച് വിശ്വ
സിക്കരുത്."

fidha fathima
v.A



# കാൻഡീഡ്

## വോൾത്തെയർ

യൂറോപ്പ്യൻ സംസ്കാരചരിത്രത്തിലെ അവിസ്മരണീയ നായകന്മാരിൽ പ്രമുഖനാണ് വോൾത്തെയർ.1758-ൽ അദ്ദേഹം എഴുതിയ ലഘു നോവലാണ് കാൻഡീഡ്.പ്രമുഖ തത്വചിന്തകനായ ലെബ്നിസിന്റെ ശിഷ്യനായ ഡോ.പ്ലാൻഗ്ലോസിനു യുവാവായ കാൻഡീഡിനെ ശിഷ്യനായി ലഭിച്ചു.ജീവിതത്തിൽ ധാരാളം ദുരിതമനുഭവിച്ച കാൻഡീഡിന് ഈ ലോകത്തിന്റെ ഘടനയിലും ഭാവിയിലും വിശ്വാസമർപ്പിക്കാൻ കഴിഞ്ഞില്ല. സൃഷ്ടിയുടെ അത്യന്തികമായ നന്മയെത്തന്നെ കാൻഡീഡ് ചോദ്യം ചെയ്തു. സൃഷ്ടിയുടെ രഹസ്യം സ്വന്തം കാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കുകയാണെന്ന നിഗമനത്തിൽ അയാൾ എത്തിച്ചേർന്നു. കാൻഡീഡിനൊപ്പം പ്രഖ്യാതമായ സാദിഗ് എന്ന കൃതിയും ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്നു.


SHARHA VIII.C


G.S.V.H.S.SCHOOL
S.BATHERY
വയനാട് ജില്ലാ പഞ്ചായത്ത്
ഗവ: സർവ്വജന വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ
"ഒരു ശിശുവിന്റെ ശരീരത്തിലും, മനസ്സിലും, ആത്മാവിലും ഉള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം..."
NATIONAL SERVICE SCHEME
NOT ME BUT YOU

# A.P.J ABDUL KALAM

Avul pakir jainulabdeen Abdul kalam was an indian politician and
aerospace scientist who served as the 11th president of India from
2002 to 2007.He was born and raised in Rameswaram,Tamil Nadu and
studied physics and aerospace engineering
Born: 15 october,931,Rameswaram
Died:27 july,2015,Shillong
Full name:Avul Pakir Jainulabdeen Abdul kalam

**AWARDS:BHARAT RATNA,PADMA VIBHUSHAN,PADMA BHUSHAN..**



**BY IRFAN 9C**

# BHAGAT SINGH

Bhagat Singh was indian Independence movement.He is often referred to as Shaheed Bhagat Singh,the word' Shaheed' meaning' martyr' in a number of Indian languagess an Indian nationalist consider to be one of the most influential revolutionaries of In

Born:28 september,1907,Banga,Pakistan

Died:23 march,1931,Lahore,Pakisthan

Parents:Vidyavati, Sardar Kishan Singh Sandhu

Education:NationalCollege,Lahore,National College of Arts,Dayanand



BY AGHEENA BENNY 9C


" ഇന്ന് ചെയ്യുന്ന പ്രവൃത്തിയെ
ആശ്രയിച്ചിരിക്കും നമ്മുടെ ഭാവി... "
NOT ME BUT YOU
NATIONAL SERVICE SCHEME UNIT No.513


" ലോകത്തിന്റെ
വെളിച്ചമാണ്
പുസ്തകങ്ങൾ... "
NOT ME BUT YOU
NATIONAL SERVICE SCHEME

# S.P.C യൂണിറ്റ്

സുൽത്താൻ ബത്തേരി ഗവ:സർവ്വജന വിദ്യാലയത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് 2010 നവംബർ മാസം മുതൽ പ്രവർത്തിച്ച് വരുന്നു.

നിലവിൽ(ജൂനിയർ,സീനിയർ)രണ്ടു ബാച്ചിലായി 88 കേഡറ്റുകൾ പരിശീലനം നേടി

വരുന്നു.ആഴ്ച്ചയിൽ രണ്ടു ദിവസം ബുധൻ,ശനി ദിവസങ്ങളിൽപോലീസുകാരുടെയുംഅദ്ധ്യാപകരുടെയുംനേതൃത്വത്തിൽപരിശീലനംനൽകിവരുന്ന.ഇതി-ന്റെ ഡ്രിൽ ഇൻസ്പെക്ടറുമാരായി ഹരിഷ്ക്കുമാർN .V, ഫൗസിയ.V എന്നിവർ പ്രവർത്തിച്ച് വരുന്നു.കൂടാതെ സി.പി.ഒ ആയി ശ്രീമതി ബേനസീർ T,ജിജ്ജു K.J എന്നിവർ പ്രവർത്തിക്കുന്നു. S.P.C യുടെ

ലെയ്സൺ ഓഫീസറായി C.I ശ്രീ M.D സുനിൽ കുമാർ അവറുകളും ഗാർഡിയൻP.T.A പ്രസിഡൻഡ് ആയി ശ്രീ ഇബ്രാഹിം തൈത്തൊടി അവറുകളും പ്രവർത്തിക്കു

ലക്ഷ്യം

പൗരബോധവും,സേവന സന്നദ്ധതയും നിയമങ്ങളെ അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുകയാണ് ഈ പദ്ധതി ലക്ഷ്യമാക്കുന്നത്.

*SPC in charge:*
*Benzir.T(HSA:maths)*
*Jiju.K.J(UPSA)*






By: AGHEENA BENNY

# നിലാവ്



National Cadet Corps

# N.C.C യൂണിറ്റ്

സ്കൂളിൽ SPC പോലെ തന്നെ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ഒന്നാണ് NCC. NCC-യിൽ ആകെ 100 കേഡറ്റുകളാണ് ഉള്ളത്.ഒന്നാം വർഷത്തിൽ നിന്നും 50 കേഡറ്റുകളും,രണ്ടാം വർഷത്തിൽ നിന്നും 50 കേഡറ്റുകളും ആണ് ഉള്ളത്.കുട്ടികൾക്ക് എല്ലാ ബുധനാഴ്ച്ചയും ശനിയാഴ്ച്ചകളിലും പരേഡ് നടത്തുന്നു.

സ്വച്ഛതാ ഹിസേവയുടെ ഭാഗമായി സ്കൂൾ compound ക്ലീനിംഗ്,ബസ് സ്റ്റോപ്പ് ക്ലീനിംഗ്,എന്നീ പരിപാടികൾ നടത്തി.വെള്ളപ്പൊക്കം നടന്ന സമയത്ത്

*കൽപ്പറ്റയിൽ കേഡറ്റുകൾ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ആവശ്യമായ സഹായങ്ങൾചെയ്തുകൊടുത്തു .ഭക്ഷണ സാധനങ്ങൾ പാക്ക് ചെയ്യുക,മറ്റ് ആവശ്യവസ്തുക്കൾ തരം തിരിക്കുക എന്നീ പ്രവർത്തനങ്ങൾ ചെയ്തു കൊടുത്തു.*

*NCC-യുടെ'A'സർട്ടിഫിക്കറ്റ് പരീക്ഷക്ക് മുന്നോടിയായി 9-ാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും Annual Training ക്യാമ്പിൽ പങ്കെടുപ്പിച്ചു.സ്കൂളിലെ എല്ലാ പൊതു പ്രവർത്തനങ്ങളിലും NCC സജീവമായി പ്രവർത്തിക്കുന്നു.*

*Sri.Subrahmaniyan v*

*NCC in charge*

---

## അമ്മ

ജന്മം നൽകി ഊട്ടിയുറക്കി
കടലോളം സ്നേഹം
പകർന്ന ചേർന്നുറങ്ങി,
ഒരു കൊടുംകാറ്റിൽ ശബ്ദമോ,
ഞെട്ടിയുണർന്ന ഞാൻ...
കാണ്മതില്ല കാലമത്രയും
കരുതലായ കൈത്തലങ്ങൾ...
എന്നിറല സ്വപ്നങ്ങൾക്ക് നിറമേകാൻ
കാലമത്രയും വേണം എനിക്ക് കൂട്ടായി
കാലവും നീങ്ങുന്നു,
കാലചക്രവും തിരയുന്നു
ദൂരങ്ങളേറെ ഇനിയും താണ്ടുവാനായി
ജ്വാലിച്ച് സൂര്യനായി വഴികാട്ടി തന്നീടണം-
കാലമത്രയും.

Sanal Kumar.N.K

# അഭിമാന നിമിഷങ്ങൾ







2019 ലെ നാഷണൽ സർവ്വീസ് സ്കീം
നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പിലേക്ക്
തെരഞ്ഞെടുക്കപ്പെട്ട VHSE വിദ്യാർത്ഥിനി
സാന്ദ്ര സാബു ജോസഫിന്
അഭിനന്ദനങ്ങൾ
ടീം സർവ്വജന


സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ
അറ്റ്ലസ് നിർമ്മാണത്തിൽ A ഗ്രേഡോടെ
നാലാം സ്ഥാനം നേടി സർവ്വജനയുടെ
അഭിമാനമായ അഗീന ബെന്നിക്ക്
അനുമോദനങ്ങൾ
സ്റ്റാഫ് & പി.റ്റി.എ, ഗവ. സർവ്വജന VHSS ബത്തേരി

# നിലാവിൽ നീരാടിയ കുട്ടിപ്പട്ടത്തിലെ അംഗങ്ങൾ

**അഗീന ബെന്നി**
**ഗംഗ പി.ടി**
**പീറ്റർ മാത്യൂ**
**അഹമ്മദ് സൈൻ റാസി**
**ഇർഫാൻ ഷറഫ്**
**ഷാഹിൻ ഷാ**
**മുഹമ്മദ് ഫാസിൽ**
**മുഹമ്മദ് റാഷിദ്**
**വിജയ്**
**അർസൽ**
**റമീസ്**
**അമൽ**
**നെൽസൻ**
**മിഥിലാജ്**
**ഫവാസ്**


"
ജീവിതത്തിൽ ആരെയും വിലകുറച്ച്
കാണരുത് . ഓർക്കുക, നിലച്ച്പോയ
ഘടികാരവും ദിവസത്തിൽ രണ്ടു
പ്രാവശ്യം നമുക്ക്
യഥാർത്ഥ സമയം
കാണിച്ചു തരുന്നു."


WITH
THANKS
GSVHSS
Sulthan Bathery